## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1726

13.07.2011-ൽ മറുപടിക്ക്.

### കണ്ണൂർ സ്പിന്നിംഗ് & വീവിംഗ് മിൽസിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ കണ്ണൂരിലെ കണ്ണൂർ സ്പിന്നിംഗ് & വീവിംഗ് മിൽസ് 2011 ഏപ്രിൽ 7 മുതൽ പ്രവർത്തനം നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രവർത്തനം നിലച്ചതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) രാത്രി ഷിഫ്റ്റിൽ സ്ത്രീ തൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്നതിനെതിരെ ട്രേഡ് യൂണിയനുകൾ ഹൈക്കോടതിയിൽ നിന്ന് സമ്പാദിച്ച വിധിയും, തുടർന്ന് മാനേജ്മെന്റ് ഉൽപ്പാദന മേഖലയിൽ നടപ്പാക്കിയ പരിഷ്ക്കാരവുമാണ് തൊഴിലാളി യൂണിയനുകളുമായി അഭിപ്രായ വ്യത്യാസം ഉണ്ടാകാനും പ്രവർത്തനം നിലയ്ക്കുവാനും കാരണം . |
| (സി) 500-ൽ അധികം തൊഴിലാളികൾ ജോലി ചെയ്യുന്ന പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിക്കാനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ? | (സി) മൂന്ന് തവണ യൂണിയനുകളുമായി ഒത്തുതീർപ്പ് ചർച്ചകൾ നടന്നെങ്കിലും പ്രശ്നപരിഹാരമായിട്ടില്ല. |

സെക്ഷൻ ഓഫീസർ